പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:806 28.09.2011- ലെ മറുപടി

ചിറയിൻകീഴ് മണ്ഡലത്തിലെ യാത്രാ പ്രശ്നങ്ങൾ

ചോദ്യം

ശ്രീ. വി. ശശി

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ യാത്രാപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് സർവ്വീസ് ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച നിവേദനങ്ങളിന്മേൽ സാധ്യതാ പഠനം നടത്തുന്നതിനായി തിരുവനന്തപുരം മേഖലാ അധികാരിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചിറയിൻകീഴ് സെക്ടറിലെ ഷെഡ്യൂളുകൾ 15 മിനിട്ട് ഗ്യാപ്പിൽ ചെയിൻ സർവ്വീസായി തിരുവനന്തപുരം ഭാഗത്തേക്ക് നടത്തുന്നുണ്ട്. ആറ്റിങ്ങൽ നിന്നും ചിറയിൻകീഴ് വഴി പെരുമാതുറയിലേക്ക് 2 സർവ്വീസുകളും ആറ്റിങ്ങൽ നിന്ന് തിനവിള, കടയ്ക്കാവൂർ വഴി 2 സർവ്വീസുകളും അടുത്ത കാലത്തായി ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കോവളം–കാപ്പിൽ ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് നിറുത്തി വച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സർവ്വീസ് എന്നു മുതൽ പുനരാരംഭിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | കോവളം - കാപ്പിൽ ഫാസ്റ്റ് പാസഞ്ചർ എന്ന രീതിയിൽ ഒരു സർവ്വീസ് കെ.എസ്.ആർ.ടി.സി. നടത്തിയിരുന്നില്ല. എന്നാൽ കോവളം - വർക്കല സർവ്വീസ് 15 വർഷം മുമ്പ് നടത്തിയിരുന്നു. ഈ സർവ്വീസ് ലാഭകരമല്ലാതായിത്തീർന്നതിനെ തുടർന്ന് നിർത്തിവയ്ക്കുകയാണുണ്ടായത്. |

| | | | |
|---|---|---|---|
| (സി) | കാപ്പിൽ, വർക്കല ക്ഷേത്രം, ശിവഗിരി, അഞ്ചുതെങ്ങ്, ചിറ യിൻകീഴ്, ആറ്റിങ്ങൽ, ബൈപ്പാസ് വഴി കോവള ത്തേയ്ക്ക് കെ.എസ്.ആർ.ടി. സി. ലോഫ്ളോർ എ.സി. ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കാപ്പിൽ, വർക്കല ക്ഷേത്രം, ശിവഗിരി, അഞ്ചുതെങ്ങ്, ചിറയിൻകീഴ്, ആറ്റിങ്ങൽ, ബൈപ്പാസ് വഴി കോവളത്തേക്ക് **JnNURM** പദ്ധതിയിൽ ഉൾപ്പെട്ട ലോ ഫ്ളോർ ബസ്സുകൾക്ക് സർവ്വീസ് നടത്തുവാൻ യോഗ്യമായ റോഡുകൾ അല്ലാത്തതിനാൽ ഈ റൂട്ടിലൂടെ ലോ ഫ്ളോർ എ.സി. ബസ്സുകൾക്ക് സർവ്വീസ് നടത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ